**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 1969** | **25.03.2013-ൽ മറുപടിക്ക്.**

## തെന്മല പോലീസ് സ്റ്റേഷന് സ്വന്തം കെട്ടിടം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. രാജു | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പുനലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട തെന്മലയിൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഒരേക്കറോളം സ്ഥലം വനം വകുപ്പ് അനുവദിച്ച് നൽകുവാൻ തയ്യാറാണെന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | (എ), (ബി) & (സി) കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിൽ തെന്മല വില്ലേജിൽ സർവ്വേ നമ്പർ:1/5-ൽ-പ്പെട്ടതും തെന്മല ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതുമായ 10.12 ആർ ഭൂമി തെന്മല പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം, രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥയിൽ, ആഭ്യന്തര വകുപ്പിന് കൈമാറിക്കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഈ സാഹചര്യത്തിൽ യൂസർ ഏജൻസിയായ ആഭ്യന്തര വകുപ്പ് വനം വകുപ്പിന് നിയമാനുസൃതം നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ നൽകുവാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ; ഇത്തരം അപേക്ഷ നൽകുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ എന്ന് വ്യക്തമാക്കുമോ; | | |
| (സി) എങ്കിൽ പ്രസ്തുത തടസ്സം നീക്കി അപേക്ഷ നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിർദ്ദേശം നൽകുമോ ? | | |

സെക്ഷൻ ഓഫീസർ